
താഴെ കൊടുത്തിരിക്കുന്ന ദൈവവചനഭാഗങ്ങൾ കൂടി വായിച്ചു നമുക്ക് അവസാനിപ്പിക്കാം :

"തന്റെ ഏകജാതനായ പുത്രനിൽ [യേശുക്രിസ്തുവിൽ] വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ [യേശുക്രിസ്തുവിനെ] നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചത് ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ. അവനിൽ വിശ്വസിക്കുന്നവനു ന്യായവിധിയില്ല; വിശ്വസിക്കാത്തവനു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു."[4]

"മനുഷ്യപുത്രൻ [യേശുക്രിസ്തു] ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ [ക്രിസ്തുവിന്റെ] ജീവനെ മറുവിലയായി കൊടുപ്പാനും [വിലകൊടുത്തു വാങ്ങുവാൻ] വന്നതുപോലെ തന്നെ . . ."[5]

"അവനെ [യേശുക്രിസ്തുവിനെ] കൈക്കൊണ്ട് അവന്റെ [ക്രിസ്തുവിന്റെ] നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ [ദൈവം] അധികാരം കൊടുത്തു."[6]



ഈ വേദഭാഗങ്ങൾ ദൈവപുത്രനായ യേശുക്രിസ്തുവിനെപ്പറ്റി എന്തുപറയുന്നു എന്ന് നോക്കുക:

- ദൈവം തന്റെ ഏകജാതനായ പുത്രനെ (യേശുക്രിസ്തുവിനെ) നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.
- ദൈവപുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ (ദൈവകോപം നേരിടാതെ) നിത്യജീവൻ പ്രാപിക്കും.
- ദൈവം യേശുക്രിസ്തുവിനെ ഭൂമിയിൽ അയച്ചത് ലോകത്തെ ന്യായം വിധിക്കുവാനല്ല, ലോകം അവനാൽ രക്ഷിക്കപെടുവാനത്രേ.
- യേശുവിൽ വിശ്വസിച്ചാൽ നമുക്ക് ശിക്ഷാവിധി അനുഭവിക്കേണ്ടി വരികയില്ല.
- യേശു തന്റെ ജീവനെ മറുവിലയായി കൊടുപ്പാൻ വന്നു. മറ്റു വാക്കുകളിൽ, ക്രിസ്തു നമ്മെ വിലകൊടുത്തു വാങ്ങി.
- ഒടുവിലായി, ദൈവമക്കളായിതീരുവാൻ നാം യേശുക്രിസ്തുവിനെ കൈക്കൊണ്ട് അവനിൽ വിശ്വസിക്കണം.

ബൈബിൾ ഉദ്ധരണികൾ:

| | |
|---|---|
| [1] റോമർ 5:6-10 | [4] യോഹന്നാൻ 3:16-18 |
| [2] റോമർ 3:23 | [5] മത്തായി 20:28 |
| [3] 1 കൊരിന്ത്യർ 15:1-4 | [6] യോഹന്നാൻ 1:12 |

(സ്വകാര്യ വിതരണത്തിന് മാത്രം)

കൂടുതൽ അറിയുവാൻ ബന്ധപ്പെടുക:

whois jesus008@gmail.com



# ആരാണ് യേശു ?

## ആരാണ് യേശു ?

ചിലർ പറയുന്നു യേശു ഒരു മഹാനായ ഗുരുവായിരുന്നു, ഒരു നല്ല മനുഷ്യനായിരുന്നു, ഒരു ശക്തനായ പ്രവാചകനായിരുന്നു; ചുരുക്കം ചിലർ പറയുന്നു അവൻ ദൈവപുത്രൻ - ദൈവം മനുഷ്യശരീരത്തിൽ വന്നവൻ ആയിരുന്നു .

നിങ്ങൾക്ക് എന്ത് തോന്നുന്നു?
യേശുവിന്റെ ജീവിതലക്ഷ്യം എന്തായിരുന്നു?
ഈ അറിവ് നിങ്ങളുടെ ജീവിതത്തിൽ അതിപ്രധാനമായിരിക്കുന്നത് എന്തുകൊണ്ടാണ്?

ഈ ചോദ്യങ്ങൾക്ക് ഉത്തരം സ്വയം കണ്ടെത്തുവാൻ, നാം ദൈവവചനമായ ബൈബിളിലെ ചില ഭാഗങ്ങൾ പരിശോധിക്കണം. നമ്മുടെ വായന ആരംഭിക്കാം:

"നാം ബലഹീനർ ആയിരിക്കുമ്പോൾതന്നെ ക്രിസ്തു തക്കസമയത്ത് അഭക്തർക്കുവേണ്ടി മരിച്ചു. നീതിമാനുവേണ്ടി ആരെങ്കിലും മരിക്കുന്നത് ദുർലഭം; ഗുണവാനുവേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾതന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽനിന്നു രക്ഷിക്കപ്പെടും. ശത്രുക്കളായിരിക്കുമ്പോൾതന്നെ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പ് വന്നു എങ്കിൽ നിരന്നശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും."[1]

"ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു, (ദൈവത്തിന്റെ മഹത്വമുള്ള നിലവാരത്തിൽ കുറവുള്ളവരായിത്തീർന്നു)"[2]

ഇവിടെ ഉദ്ധരിച്ച വേദവാക്യങ്ങൾ മനുഷ്യരെപ്പറ്റി ചില യാഥാർത്ഥ്യങ്ങൾ പറയുന്നു. നമ്മുടെ അവസ്ഥ എന്താണെന്ന് അത് വെളിപ്പെടുത്തുന്നു:

- ബലഹീനർ
- അഭക്തർ
- പാപികൾ
- ദൈവത്തിന് ശത്രുക്കൾ (നമ്മുടെ പാപസ്വഭാവം നിമിത്തം)
- അവന്റെ പുത്രനിൽ വിശ്വസിച്ചില്ലെങ്കിൽ ദൈവകോപം അനുഭവിക്കേണ്ടവർ

ഈ വേദഭാഗം ഇതുകൂടി വ്യക്തമാക്കുന്നു :

- ക്രിസ്തു തക്കസമയത്ത് അഭക്തർക്കുവേണ്ടി മരിച്ചു (നമ്മൾ എല്ലാവർക്കും വേണ്ടി)
- നാം പാപികളായിരിക്കുമ്പോൾ തന്നെ ക്രിസ്തു നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു
- ക്രിസ്തുവിന്റെ രക്തത്താൽ നാം നീതീകരിക്കപ്പെട്ടവർ (പൂർണമായി ശുദ്ധീകരിക്കപ്പെട്ടവർ ) ആയി.
- ക്രിസ്തുവിനാൽ നാം വരുവാനുള്ള കോപത്തിൽ നിന്ന് രക്ഷിക്കപ്പെടും
- ക്രിസ്തുവിന്റെ മരണത്താൽ നമുക്ക് ദൈവത്തോട് നിരപ്പ് വന്നു (നാം ദൈവത്തിന്റെ പ്രീതി ലഭിച്ചവർ ആയിത്തീർന്നു).
- ക്രിസ്തുവിന്റെ ജീവനാൽ നാം രക്ഷിക്കപ്പെടും

കൂടുതൽ വ്യക്തത ലഭിക്കാനായി നമുക്ക് ഒരു വേദഭാഗം കൂടി വായിക്കാം:

"എന്നാൽ സഹോദരന്മാരേ, ഞാൻ നിങ്ങളോടു സുവിശേഷിച്ചതും നിങ്ങൾക്കു ലഭിച്ചതും നിങ്ങൾ നില്ക്കുന്നതും നിങ്ങൾ വിശ്വസിച്ചതും വ്യഥാവല്ലെന്നു വരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചുകൊണ്ടാൽ ഞാൻ ഇന്നവിധം നിങ്ങളോടു സുവിശേഷിച്ചിരിക്കുന്നു എന്നു നിങ്ങളെ ഓർപ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻപ്രകാരം മരിച്ചു അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു."[3]

സുവിശേഷം എന്ന വാക്കിന്റെ അർഥം നല്ല വാർത്ത എന്നാണ്. മുകളിൽ കൊടുത്തിരിക്കുന്ന ദൈവവചന പ്രകാരം എന്താണ് നല്ല വാർത്ത?

- ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു.
- ക്രിസ്തു അടക്കപ്പെട്ടു
- ക്രിസ്തു തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു

നാം എന്താണ് ചെയ്യേണ്ടതെന്നും ഇവിടെ പറയുന്നുണ്ട് .

- സുവിശേഷം നാം സ്വീകരിക്കുകയും അതിൽ വിശ്വസിക്കുകയും വേണം.
- സുവിശേഷം നാം മുറുകെ പിടിക്കുകയും അതിൽ നിൽക്കുകയും വേണം
- സുവിശേഷം നമ്മെ രക്ഷിക്കുന്നു.